# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1035 — 13/06/2013 ൽ മറുപടിക്ക്

### മാവേലിക്കരയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ആർ. രാജേഷ് | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) എസ്.എസ്.എ. യിലുൾപ്പെടുത്തി മാവേലിക്കരയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | എ) 2012-13 കാലയളവിൽ മാവേലിക്കര നിയോജക മണ്ഡലത്തിലെ മുഴുവൻ ഗവൺമെൻറ് എയിഡഡ് സ്കൂളുകളിലെ 2 മുതൽ 8 വരെ ക്ലാസുകളിലെ കുട്ടികൾക്ക് പാഠപുസ്തകങ്ങൾ സൗജന്യമായി വിതരണം ചെയ്തു. 1-ആം ക്ലാസ് മുതൽ 8-ആം ക്ലാസ് വരെ പഠിക്കുന്ന ഗവ.സ്കൂളിലെ പെൺകുട്ടികൾ, എസ്.സി/എസ്.ടി വിഭാഗത്തിലെ ആൺകുട്ടികൾ, ബി.പി.എൽ വിഭാഗത്തിലെ ആൺകുട്ടികൾ എന്നിവർക്ക് രണ്ട് ജോഡി യൂണിഫോം നൽകി. പ്രൈമറി, അപ്പർ പ്രൈമറി വിഭാഗത്തിലെ 80 അദ്ധ്യാപകർക്കും മാനേജ്മെൻറ് പരിശീലനം നൽകി. 186 പെൺകുട്ടികൾക്ക് നീന്തൽ പരിശീലനം നൽകി. 5 സ്കൂളുകൾക്ക് മേജർ റിപ്പയർ നടത്തി, 3 ക്ലസ്റ്റർ റിസോഴ്സ് സെൻറർ പണി ആരംഭിച്ചു. എല്ലാ ഗവൺമെൻറ് സ്കൂളുകൾക്കും മെയിൻറനൻസ് ഗ്രാന്റ് 7500/- രൂപ വീതം നൽകി . ഗവണ്മെൻറ് എയിഡഡ് |

സ്കൂളുകൾക്ക് സ്കൂൾ ഗ്രാൻറായി എൽ.പി. വിഭാഗത്തിൽ 5000/- രൂപ വീതവും യു.പി. വിഭാഗത്തിന് 7000/- രൂപ വീതവും നൽകി. എല്ലാ അദ്ധ്യാപകർക്കും 500/- രൂപ വീതം ടീച്ചർ ഗ്രാന്റ് നൽകി. 7 സ്കൂളുകൾ ശിശു സൗഹൃദമാക്കാൻ തുക നൽകി 6 സ്കൂളുകൾക്കായി ടോയിലറ്റ് 8 യൂണിറ്റും, 9 സ്കൂളുകൾക്കായി 12 യൂണിറ്റ് ഗേൾസ് ടോയിലറ്റും, ഒരു അഡാപ്റ്റഡ് ടോയിലറ്റും നൽകി.

ബി) മാവേലിക്കര മണ്ഡലത്തിൽ ഹയർ സെക്കന്ററി സ്കൂളുകൾ ഇല്ലാത്ത പഞ്ചായത്തുകളു് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുവോ; അത്തരം പഞ്ചായത്തുകളിൽ സ്കൂൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യം പരിശോധിച്ചുവരുന്നു. ഹയർ സെക്കൻഡറി സ്കൂൾ ഇല്ലാത്ത പഞ്ചായത്തുകളിൽ ഹയർ സെക്കൻഡറി കോഴ്സ് അനുവദിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

സി) സ്കൂൾ ഉച്ചഭക്ഷണ പദ്ധതി പ്രതിസന്ധിയിലാണെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനാവശ്യമായ തുക അടിയന്തിരമായി അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. തുക അനുവദിച്ചു നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(signature)

സെക്ഷൻ ഓഫീസർ